താല്ക്കാലിക സേവനത്തിന് അയച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥൻമാർ

642 [931] ശ്രീ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിൽ സ്ഥിരം ഉദ്യോഗമുള്ള എത്ര ഓഫീസറൻമാരെ താൽക്കാലിക സേവനത്തിനായി പോലീസ് വകുപ്പിനു പുറത്തുള്ള സ്ഥാപനത്തിൽ ഇപ്പോഴും നിയമിച്ചിട്ടുണ്ട്;

(ബി) ഇങ്ങനെ വകുപ്പിനു പുറത്തു ജോലി ചെയ്യുന്നവർക്കു പ്രത്യേകം അലവൻസുകളുണ്ടോ; ഉണ്ടെങ്കിൽ എത്ര?

ഉത്തരം

(എ) ആകെ 124 പേരെ നിയമിച്ചിട്ടുണ്ട്.

(ബി) അവർക്കു ഡെപ്യൂട്ടേഷൻ അലവൻസ്, സ്പെഷ്യൽ പേ എന്നിവ നൽകുന്നുണ്ട്. കേന്ദ്ര സർവ്വീസിൽ നിയമിച്ചിരിക്കുന്നവർക്ക് 25 രൂപ മുതൽ 100 രൂപവരെ ഡെപ്യൂട്ടേഷൻ അലവൻസും, 15 രൂപ മുതൽ 75 രൂപ വരെ സ്പെഷ്യൽ പേയും വിവിധ തസ്തികകൾക്ക് ലഭിക്കുന്നുണ്ട്.

സംസ്ഥാനത്തിലെ ഏതെങ്കിലും സ്ഥാപനത്തിലേക്കു നിയമിച്ചിട്ടുള്ളവർക്ക്, അവരവരുടെ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ 25 രൂപ മുതൽ 200 രൂപ വരെ ഡെപ്യൂട്ടേഷൻ അലവൻസാണ് ലഭിക്കുന്നത്.

പോലീസ് എയിഡ് പോസ്റ്റുകൾ

643 [932] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടിമറി പ്രശ്നം ഫലപ്രദമായി തടയാൻ ഇപ്പോഴുള്ള എയിഡ്പോസ്റ്റുകൾ അപര്യാപ്തമാണെന്നകാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അട്ടിമറി പ്രശ്നം ശക്തമായി നേരിടുമെന്ന പ്രസ്താവന പുറപ്പെടുവിച്ചതിനു തൊട്ടുള്ള ദിവസങ്ങളിൽ അട്ടിമറിക്കാരുടെ സമരം കാരണം തിരുവനന്തപുരം വാട്ടർ വർക്സിലെ പൈപ്പ്ലൈൻ നന്നാക്കാൻ ദിവസങ്ങളോളം താമസം നേരിട്ട വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനുത്തരവാദികളായവരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ;

(ഡി) അട്ടിമറി പ്രശ്നം ശാശ്വതമായി പരിഹരിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly